**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സ്ഥിരംസെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി ജില്ലാ ആസൂത്രണ സമിതിയിൽ സ്ഥിരംസെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതികൾ ഊരുക്കൂട്ടങ്ങൾ ചർച്ച ചെയ്ത് ജില്ലാ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ആയത് സംസ്ഥാനതലത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. പദ്ധതി ആസൂത്രണത്തിന് ഇത്തരത്തിൽ ഒരു സ്ഥിരം സംവിധാനം നിലവിലുണ്ട്. കൂടാതെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാ ക്കുകയും ചെയ്തുവരുന്നു. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി പദ്ധതിയുടെ പുരോഗതി യഥാവിധി വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ